(സി) സ്വകാര്യ മേഖലയിലെ കണക്ക് ലഭ്യമല്ല. നിലവിൽ സഹകരണ മേഖലയിലെ ഏകദേശം 90000-ത്തോളം തൊഴിലാളികൾക്ക് ശരാശരി 155 ദിവസം തൊഴിൽ നൽകാൻ സാധിക്കുന്നുണ്ട്. കയർമേഖലയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ ഇക വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ഡി) കയർ വ്യവസായത്തെ ആശ്രയിച്ച് കഴിയുന്ന തൊഴിലാളികൾ പട്ടിണിയിലാണെന്ന അവസ്ഥ നിലവിലില്ല. കയർ വ്യവസായം സംരക്ഷിക്കുവാനും ഈ രംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കാനുമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കയർ തൊഴിലാളികൾ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കേരളത്തിൽനിന്നും പ്രധാനമായും കയറുൽപ്പന്നങ്ങളാണ് കയറ്റുമതി ചെയ്യുന്നത്. ഇതിൽ കുറവ് വന്നിട്ടില്ല. കയർ ബോർഡിന്റെ കണക്കുപ്രകാരം കയർ ഒഴികെയുള്ള ഉൽപ്പന്നങ്ങളുടെ കയറ്റുമതി 2013-14-ൽ 745.93 കോടി രൂപ യുടേതായിരുന്നു. ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതലാണ്.

കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

193 (1236) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ സഹകരണസംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത സംഘങ്ങളെ പ്രതിസന്ധിയിലാക്കുന്ന തൊണ്ടിന്റെയും ചകിരിയുടെയും ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കയർ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധിക്ക് ശാശ്വതമായ പരിഹാരം കാണുന്നതിനും ഉല്പാദന ചെലവിന് അനുസൃതമായി വില നൽകി കയറുല്പന്നങ്ങൾ സംഭരിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സഹായം പ്രസ്തുത സംഘങ്ങൾക്ക് നല്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രധാന പദ്ധതികൾ ചുവടെ കൊടുക്കുന്നു :

വർദ്ധമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു.

- കയർ മേഖലയിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പാക്കി ആധുനികവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിന്റെ ഭാഗമായി പ്രതിദിനം 8 മണിക്കൂർകൊണ്ട് ഏകദേശം 60 കി.ഗ്രാം കയർ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതും വിവിധയിനത്തിലുള്ള കയർ പിരിക്കാൻ കഴിയുന്നതുമായ ആധുനിക ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ എൻ.സി.ആർ.എം.ഐ. തലത്തിൽ വികസിപ്പിച്ചു വരുന്നു.

- കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു ആധുനിക പി.വി.സി. ടഫ്റ്റഡ് യൂണിറ്റ് ഉൾപ്പെടെയുള്ള സംയോജിത ഫാക്ടറി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

- ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ഒരു കയർ കോംപസിറ്റ് ബോർഡ് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

- കയർ മേഖലയിലെ എല്ലാത്തരം മെഷീനറികളും നിർമ്മിക്കാനുതകുന്ന കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള വികസന പദ്ധതികൾക്കു പുറമേ കയർ മേഖലയെ സംരക്ഷിച്ചു നിലനിർത്തുന്നതിനായി മന്ത്രിസഭ അംഗീകരിച്ച താഴെ പറയുന്ന പദ്ധതികൾ 2014-16 വർഷത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്:

1. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിക്കും. നാളികേര വികസന ബോർഡുമായി ചേർന്ന് തൊണ്ട് സംഭരണ ഡീഫൈബറിംഗിലൂടെ ചകിരിയുടെ ലഭ്യത ഉറപ്പാക്കും.

2. കയർമേഖലകളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്കരിച്ച മോഡൽ എന്നിവ വികസിപ്പിക്കും.

3. കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കും.

4. കയർ മേഖലകളിൽ ഉൽപ്പാദനവും തൊഴിൽദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകും.

5. കയർമേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി സംഘങ്ങൾക്ക് വർക്ക്ഷെഡ്, ടോയ്ലറ്റ്, ആധുനിക പണിസാമഗ്രികൾ എന്നിവ നൽകും.

6. ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനമാരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർ ഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകി. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾ ഉൾക്കൊണ്ട് കുറെക്കൂടി പ്രായോഗികമായ രീതിയിൽ നടപ്പാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായിട്ടുള്ള ഒരു പ്രോജക്ടിനും അംഗീകാരം നൽകിയിട്ടുണ്ട്. ഉണക്കത്തൊണ്ടും പച്ചത്തൊണ്ടും ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷീനറി ഫാക്ടറിയിലൂടെ ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കയർമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഉൽപ്പാദന ചെലവിനനുസൃതമായി വില നൽകി കയറും കയറുൽപ്പന്നങ്ങളും സംഭരിക്കുന്നതിന് കയർഫെഡിനും കയർ കോർപ്പറേഷനും നിർദ്ദേശം നൽകിയിട്ടുണ്ട്.

കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം

194 (1237) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായം നഷ്ടത്തിലേക്ക് പോവുകയും തമിഴ്നാട് പോലുള്ള അന്യസംസ്ഥാനങ്ങളിലേക്ക് കയർ വ്യവസായം പറിച്ചുനടുകയും ചെയ്യുന്ന സാഹചര്യത്തിൽ കേരളത്തിൽ പ്രസ്തുത മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുംവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) കയർ വ്യവസായ രംഗത്ത് ആധുനിക യന്ത്രസൗകര്യങ്ങൾ ഒരുക്കുന്നതിനും സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനും കയർ തൊഴിലാളികളുടെയും കയർ ഫാക്ടറി തൊഴിലാളികളുടെയും പുനരധിവാസം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം കാര്യങ്ങൾ ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly